# തെയ്യവും കോമരവും നിർവ്വഹിക്കുന്ന ദൈവവൃത്തി

ഗ്രാമീണകലകളുടെയും ഗാനങ്ങളുടെയും പൈതൃകത്തിനുടമകളാണ് കേരളജനത. ആദിമജനതയ്ക്ക് കല ആർഭാടമായിരുന്നില്ല. നിലനില്പിനുള്ള ഉപാധിയായിരുന്നു. അവന്റെ മതപരമായ വിശ്വാസങ്ങളുടേയും മന്ത്രവാദപരമായ അനുഷ്ഠാനങ്ങളുടേയും രൂപരേഖയായിരുന്നു നാടൻകലകൾ.

ഇത്തരത്തിൽ അനുഷ്ഠാനവുമായി ബന്ധപ്പെട്ട് കേരളത്തിന്റെ പല ഭാഗങ്ങളിലും നടത്തിവന്നിരുന്ന കലകളാണ് തെയ്യവും കോമരം തുള്ളലും. വടക്കൻ കേരളത്തിൽ തെയ്യം കെട്ടിയാടുന്നതിനുള്ള പ്രാധാന്യം തന്നെയാണ് മലബാർ പ്രദേശങ്ങളിൽ കോമരം തുള്ളലിനുള്ളത്. രണ്ടിലും മനുഷ്യൻ ഭഗവതിയെ പ്രതിനിധീകരിച്ച് ഉറഞ്ഞുതുള്ളുകയും ഭഗവതിയെ പ്രീതിപ്പെടുത്തുകയും ഭഗവതിയുടെ കല്പനകൾ സമൂഹത്തെ അറിയിക്കുകയും ചെയ്യുന്നു. കേരളത്തിലെ ആരാധനാസമ്പ്രദായവുമായി ബന്ധപ്പെട്ട കൂട്ടായ്മയിലാണ് ഇത്തരം അനുഷ്ഠാനങ്ങൾ നടക്കുന്നത്. ഈ കൂട്ടായ്മകൾക്ക് കേന്ദ്രമായിരുന്നത് കാവുകളും കഴകങ്ങളുമാണ്.

തുറന്നവേദിയിൽ ഒരു ഗ്രാമീണ നാടകത്തിനനുയോജ്യമായ രീതിയിലാണ് ഈ രണ്ട് അനുഷ്ഠാനങ്ങളും നടക്കുന്നത്. ശക്തിയുടെ പ്രതീകമായി പടവാളേന്തുന്ന ശക്തിസ്വരൂപിണിയായി കോമരം അരങ്ങിൽ പ്രത്യക്ഷപ്പെടുമ്പോൾ മനുഷ്യരൂപം പ്രാപിച്ച ദൈവങ്ങളുടെ ഉറഞ്ഞുതുള്ളലാണ് തെയ്യത്തിൽ നടക്കുന്നത്. വേഷവിധാനത്തിലും അവതരണത്തിലും വ്യത്യസ്തത ഉണ്ടെങ്കിലും ഇവർ നിർവ്വഹിക്കുന്ന ദൈവവൃത്തിയാണ് ഇവിടെ വിശകലനവിധേയമാകുന്നത്.

ഉത്തരകേരളത്തിലെ കാവുകളിലും ക്ഷേത്രങ്ങളിലും നടത്തിവരുന്ന അനുഷ്ഠാനകലയാണ് തെയ്യം. ദേവതകൾക്കും മൺമറഞ്ഞ കാരണവന്മാർക്കും പ്രകൃത്യതീതശക്തികൾക്കും നേരെ ഭയവും ആരാധനയും കലർന്ന മനസ്സുമായി അനുഷ്ഠാനപൂർവ്വം പ്രതികരിച്ച നാടോടി സമൂഹങ്ങളുടെ സംസ്കാരത്തിൽ നിന്നാണ് തെയ്യങ്ങൾ രൂപമെടുത്തത്.

തെയ്യംപോലെതന്നെ മലബാർ പ്രദേശങ്ങളിൽ നടത്തിവന്നിരുന്ന മറ്റൊരു അനുഷ്ഠാനമാണ് കോമരംതുള്ളൽ. അനുഷ്ഠാനപരമായ ഖഡ്ഗനൃത്തമാണ് കോമരംതുള്ളലെന്ന് ഡോ. വിഷ്ണു നമ്പൂതിരി നിർവ്വചിക്കുന്നുണ്ട്. ശക്തിയുടെ പ്രതീകമായി പടവാളേന്തുന്ന ശക്തിസ്വരൂപിണിയായ ദേവിയുടെ പ്രതിനിധിയായിട്ടാണ് അരങ്ങിൽ കോമരം പ്രത്യക്ഷപ്പെടുന്നത്.

തുലാം പത്തുമുതൽ മേടം പത്തുവരെയുള്ള ആറുമാസക്കാലമാണ് തെയ്യങ്ങളുടേത്. കോമരംതുള്ളലിന് പ്രത്യേക കാലപരിധിയില്ല. മണ്ഡലകാലം, ചുറ്റുവിളക്ക്, താലപ്പൊലി തുടങ്ങി കാവിലെ വിശേഷാവസരങ്ങളിലും വഴിപാട് എന്ന നിലയിലും കോമരംതുള്ളൽ നടക്കാറുണ്ട്. കഠിനമായ വ്രതാനുഷ്ഠാനങ്ങൾക്കുശേഷമാണ് ഈ രണ്ട് അനുഷ്ഠാനങ്ങളും നടത്തുന്നത്. വളരെയധികം പരിശീലനത്തിനുശേഷം ദേവിയുടെ ചൈതന്യം ഹൃദയത്തിൽ വഹിക്കാൻ കഴിവുള്ള ആളാണ് കോമരമാവുന്നത്. തെയ്യത്തിൽ മറിച്ചാണ് ദേവിയുടെ രൂപംധരിച്ച് നാനൂറിൽപരം ദേവതകളെ അവിടെ കെട്ടിയാടിക്കുന്നു. അമ്മദൈവങ്ങളും, കാരണദൈവങ്ങളും ധീരോദാത്ത നായകരും, മൃഗരൂപികളും ശൈവ-വൈഷ്ണവസങ്കല്പങ്ങളും അതിൽ ഉൾപ്പെടുന്നു.

വ്യത്യസ്ത ജാതിവിഭാഗങ്ങൾക്കൊക്കെ അവരുടെ ദേവതാസങ്കല്പമനുസരിച്ച് കോമരങ്ങളും തെയ്യങ്ങളും ഉണ്ട്. വണ്ണാൻ, മലയൻ, മുന്നൂറ്റൻ, വേലൻ, പുലയൻ, പറയൻ തുടങ്ങിയ സമുദായങ്ങളാണ് തെയ്യക്കോലം കെട്ടുന്നത്. കോമരത്തിലാണെങ്കിൽ നായന്മാർ മുതൽ താഴേക്ക് പറയർവരെ ഈ വേഷം കെട്ടുന്നു. സവർണവിഭാഗക്കാർക്ക് കോമരം ഇല്ലെന്നു തന്നെപറയാം. എങ്കിലും കൂടുതലായും തെയ്യക്കോലവും, കോമരവും കെട്ടുന്നത് കീഴാളസമുദായക്കാർ തന്നെയാണ്.

പ്രേക്ഷകർക്ക് സ്വീകാര്യമായ വേഷങ്ങൾ തെരഞ്ഞെടുക്കാനുള്ള പൊതു ഇടങ്ങൾ തെയ്യങ്ങളിലുണ്ട്. തലശ്ശേരിയിലെ അണ്ടല്ലൂർകാവിൽ രാമായണകഥാപാത്രങ്ങൾ തന്നെയാണ് തെയ്യങ്ങളായി വരുന്നത്.

ബാലിതെയ്യം പോലുള്ള പ്രസിദ്ധങ്ങളായ തെയ്യങ്ങൾ അരങ്ങിന്റെ പൊതുബോധം ദളിതന്റെ ജനാധിപത്യബോധമാണെന്ന് വ്യക്തമാക്കിക്കൊണ്ട് മേലാളരെ ചോദ്യംചെയ്യുന്നുണ്ട്. വിഷ്ണു-ശിവകഥകൾ യഥാക്രമം വിഷ്ണുമൂർത്തിക്കും പൊട്ടൻതെയ്യത്തിനും കല്പിച്ച് നൽകിയിട്ടുണ്ടെങ്കിലും നാട്ടരങ്ങ് പ്രതിരോധത്തിന്റെ കനലാഴിയാണെന്ന് ഈ തെയ്യങ്ങൾ തങ്ങളുടെ തോറ്റംപാട്ടെന്ന ഭാഷണരൂപത്തിലൂടെ വ്യക്തമാക്കുന്നുണ്ട്. ധീരോദാത്തനായകരായ മുത്തപ്പനും കതിവന്നൂർ വീരനും പ്രതികാര ദുർഗ്ഗകളായ സ്ത്രീ തെയ്യങ്ങളും രംഗവേദി മേലാളന്റേതും പുരുഷന്റേതുമാണെന്ന പരമ്പരാഗത ധാരണകളെ തിരസ്കരിച്ചവരാണ്. സ്ത്രീകൾ കോമരം കെട്ടിയാടുന്ന കാഴ്ചകളും കുറവല്ല. (കൊടുങ്ങല്ലൂർ ഭരണി) മലപ്പുറം കൊണ്ടോട്ടിയിൽ സ്ത്രീകോമരമാണ് ഒരു കാവിന്റെ ചുമതല ഏറ്റെടുത്തിരിക്കുന്നത്.

ഓരോ തെയ്യത്തിന്റെയും അവതരണ രീതിയും ചുവടുവെപ്പും വേഷവിധാനവും വ്യത്യാസപ്പെട്ടിരിക്കുന്നു. ചില തെയ്യങ്ങൾക്ക് മുഖംമൂടിയോ, ദംഷ്ട്രകളോ, വ്യത്യസ്തമായ മുഖത്തേപ്പുകളോ ഉണ്ടാകും. മുടിയും മെയ്യാഭരണങ്ങളും തെയ്യക്കോലങ്ങൾക്കനുസരിച്ച് വ്യത്യാസപ്പെടും. മുളയും കുരുത്തോലയുമുപയോഗിച്ച് എട്ടോ ഒൻപതോ മീറ്റർ ഉയരത്തിൽ നിർമ്മിക്കുന്ന മുടികൾ ചില തെയ്യക്കോലങ്ങളുടെ ശിരസ്സിലുണ്ട്.

ഇത്തരം അലങ്കാരങ്ങളൊന്നും കോമരത്തിനില്ല. വേഷവിധാനത്തിൽ ചുവപ്പിനോടുള്ള മമത രണ്ട് അനുഷ്ഠാനങ്ങളിലും കാണാം. അരയിൽ കച്ച മുറുക്കിയുടുത്തതിന് ശേഷം വെള്ളമുണ്ടും ചുവന്നപട്ടും ചുറ്റി അതിന്മേൽ കനത്ത പുറംപട്ടയിൽ പിടിപ്പിച്ച ഉടയാട ധരിക്കുന്ന പതിവാണ് സാധാരണയായി തെയ്യത്തിലുള്ളത്. എന്നാൽ വെറും പട്ട് ഞൊറിഞ്ഞുടുക്കുന്ന തെയ്യങ്ങളുണ്ട്. കോമരത്തിലാണെങ്കിൽ, അരയിൽ തറ്റുടുത്ത് അതിന് മീതെ പട്ട്ചുറ്റി അരമണിയും, കാലിൽ ചിലമ്പും കഴുത്തിൽ പുഷ്പഹാരവുമാണ് ധരിക്കാറ്. ദേശത്തെ വീടുകളിൽ അവകാശം വാങ്ങാൻ വരുമ്പോൾ തോളിൽ പട്ട്ചാർത്തുന്നപതിവ് വെളിച്ചപ്പാടുകൾക്കുണ്ട്. അടുത്തകാലത്ത് ആരംഭിച്ച അയ്യപ്പൻവിളക്കിൽ ഭഗവതിയെ പ്രതിനിധീകരിക്കുന്ന കോമരം അഗ്രം വളഞ്ഞവാളും അയ്യപ്പനെ പ്രതിനിധീകരിക്കുന്ന കോമരം ചുരികയും കയ്യിലേന്തുന്നു.

വേഷപ്പകർച്ചയ്ക്കുശേഷം ചെണ്ടമേളത്തിന്റെ അകമ്പടിയോടെ അണിയറയിൽനിന്നു പുറത്തുവരുന്ന തെയ്യത്തിന്റെയും കോമരത്തിന്റേയും മനുഷ്യൻ എന്ന അസ്തിത്വം വിസ്മരിക്കപ്പെടുകയും അയാൾ

ദേവതയുടെ പ്രതിരൂപമായി പരിഗണിക്കപ്പെടുകയും ചെയ്യുന്നു. വെളിച്ചപ്പാടിനെ സംബന്ധിച്ച് കലി കയറിയാൽ അവിടെ ഒരു പരകായപ്രവേശംതന്നെ നടക്കുന്നു. ചെണ്ടയിൽനിന്ന് പുറപ്പെടുന്ന താളങ്ങൾക്കനുസരിച്ച് ഇവർ ചുവടുവെയ്ക്കും. അംഗവിക്ഷേപങ്ങളും അട്ടഹാസങ്ങളും പുറപ്പെടുവിക്കും.

ഇത്തരത്തിലുള്ള തെയ്യത്തിന്റെയും കോമരത്തിന്റെയും ക്രിയാംശം ശ്രദ്ധിച്ചാൽ ആദ്യന്തം നാടകീയത മുറ്റിനില്ക്കുന്ന ഒരു നാട്ടരങ്ങാണ് ഇവർ സൃഷ്ടിക്കുന്നതെന്ന് നമുക്ക് ബോദ്ധ്യപ്പെടും. നാട്ടരങ്ങിലെ പ്രജാപതികളാണിവർ. പ്രജകളോടുള്ള സ്നേഹവാത്സല്യങ്ങളും ചിലപ്പോഴൊക്കെ ശാസനകളും അവരുടെ കല്പനകളിൽ നിറഞ്ഞുനിൽക്കുന്നു.

അനുഷ്ഠാനങ്ങളിലും ആചാരത്തിലും അധിഷ്ഠിതമാണ് നാടൻകലകൾ. എങ്കിലും ജാതിമതഭേദങ്ങൾ തീർക്കുന്ന വേലിക്കെട്ടിനപ്പുറത്തേക്കു നീളുന്ന ഒരു വിശ്വാസപ്രക്രിയയാണിത്. കാവിന്റെ തിരുനടയിൽ ഈ വേഷങ്ങൾ ഉറഞ്ഞുതുള്ളുമ്പോൾ നാനാജാതിമതസ്ഥരും അത്ഭുദാരങ്ങളോടെ നോക്കിനിൽക്കുന്നതു കാണാം. നാടുവാഴിത്ത കാലഘട്ടത്തോട് സമരസപ്പെട്ടും സന്ധിചെയ്തും അപൂർവമായി ചെറുത്ത് നില്പ് നടത്തിയും നാടൻദൃശ്യകലാരൂപങ്ങൾ കീഴാളരുടെ പ്രതിനിധാനങ്ങളായിത്തീർന്നു. അതുകൊണ്ടുതന്നെ അടിയാളജനത അധികാരമേൽക്കുന്ന ഇടങ്ങളായി നമുക്ക് കാവുകളെ കണക്കാക്കാം. ഇവിടെ കീഴാളസമുദായക്കാരാണ് ദൈവമായി മാറുന്നത്. പക്ഷേ കാവ് ദളിതന്റേതു മാത്രമല്ല, അവിടെ അവർണ-സവർണ ഭേദമില്ലാതെ ഒരു പൊതുസമൂഹം കീഴാളനെ വണങ്ങുന്ന അപൂർവസുന്ദരമായ കാഴ്ച നമുക്ക് ദർശിക്കാം. സമൂഹത്തിൽ താഴ്ന്നവരായി കണക്കാക്കപ്പെട്ട ഒരുവിഭാഗം ഉപബോധമനസ്സുകൊണ്ട് മറ്റുള്ളവരെ കീഴടക്കി തൃപ്തിയടയാൻ ഉദ്യമിച്ചതിന്റെ രേഖകളാണ് ഇത്തരം അനുഷ്ഠാനങ്ങൾ. ആധുനിക ജീവിതത്തിന്റെ തള്ളിച്ചയിലും നിലനിൽക്കുന്ന ഇത്തരം കാഴ്ചകൾ അനുഷ്ഠാനങ്ങളുടെ നൈരന്ത്യരവും സംസ്കാരത്തിന്റെ പൊലിമയും തീർക്കുന്ന ഗ്രാമക്കാഴ്ചകളാണ്.

അനിത. ഇ. വി,
മലയാളവിഭാഗം, ശ്രീകൃഷ്ണകോളേജ്, ഗുരുവായൂർ